ഉത്തരം

(എ) ക്ലീൻ കേരള പദ്ധതി പ്രകാരം സംസ്ഥാനത്ത് എല്ലാ നഗരസഭകളിലും ഭാഗികമായി രാത്രികാല ശുചീകരണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുകയും 30 മൈക്രോ ണിൽ താഴെ കട്ടി വരുന്ന പ്ലാസ്റ്റിക് കൃാരി ബാഗുകളുടെ ഉപയോഗം സംസ്ഥാനത്ത് നിരോധിക്കുകയും, ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ബിന്നുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചപ്പു ചവറുകൾ കൃത്യസമയത്ത് നീക്കം ചെയ്യുന്നതിനു ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും, ചപ്പുചവറുകൾ അലക്ഷ്യമായി റോഡുകളിലും പൊതു നിരത്തുകളിലും നിക്ഷേപിക്കുന്നവരുടെ പേരിൽ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 340 (2) വകുപ്പ് പ്രകാരം സംഭവസ്ഥലത്തുവച്ച് തന്നെ പിഴ ഈടാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതി മിക്കവാറും എല്ലാ നഗരസഭകളിലും ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

(സി) എല്ലാവരുടെയും സഹകരണത്തോടുകൂടിയാണ് ക്ളീൻ കേരള പദ്ധതി നടപ്പിലാക്കുന്നത്.

നഗര ചേരി നിർമ്മാർജ്ജനത്തിന് ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായം

129 [1605] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെങ്കിലും നഗരത്തിലെ ചേരി നിർമ്മാർജ്ജനത്തിന് എ.ഡി.ബി. (ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക്)യുടെ ധനസഹായം ലഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ചർച്ച സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് നഗരത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഇതിനായി എ.ഡി.ബി.-യുടെ ധനസഹായം എത്ര ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഇത് സംബന്ധിച്ച് എ.ഡി.ബി-യും സംസ്ഥാന ഗവൺമെന്റും തമ്മിൽ എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) എ.ഡി.ബി.-യുടെ ധനസഹായം ഈ ആവശ്യത്തിനുവേണ്ടി ഗ്രാന്റായിട്ടാണോ, ലോണായിട്ടാണോ ലഭിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി സമഗ്രമായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) എ.ഡി.ബി.-യുടെ സാങ്കേതിക സഹായത്തോടെ കോഴിക്കോട് നഗരസഭയിൽ സിറ്റി ഡവലപ്പ്മെന്റ് സ്ട്രാറ്റജിയും സിറ്റി വിത്ത് ഔട്ട് സ്ളം പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഇതിനായി പ്രത്യേക ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. എന്നാൽ എ.ഡി.ബി. ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കേരള സസ്റ്റെയിനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) ഇല്ല. എന്നാൽ കേരള സസ്റ്റെയിനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ഈ കാര്യം പരിഗണിക്കുന്നതാണ്. കേരള സസ്റ്റെയിനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്ട് രൂപപ്പെട്ട് വരുന്നതേയുള്ളു.

മാലിന്യ സംസ്ക്കരണത്തിനുവേണ്ടി ആവിഷ്കരിച്ച പദ്ധതികൾക്ക് കേന്ദ്ര ധനസഹായം

130 [1606] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ വിമുക്തമായ കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ കേരളത്തിലെ നഗരങ്ങളിലെ മാലിന്യ സംസ്ക്കരണത്തിനുവേണ്ടി സമഗ്രമായ എന്തെങ്കിലും പദ്ധതി ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) മാലിന്യ സംസ്ക്കരണത്തിനുവേണ്ടി ആവിഷ്ക്കരിച്ച ഏതെങ്കിലും പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെയോ വിദേശ ഏജൻസികളുടെയോ ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly